**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 793** | **11-02-2025 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ അംബേദ്കർ നഗർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | 2016 മുതൽ നാളിതുവരെ അരൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള അംബേദ്കർ നഗർ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | 2016-17 മുതൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ നിന്നും പൊറ്റേത്തറ നഗർ, ഉളവെയ്പ്പ് അംബേദ്കർ നഗർ, ഇളയപാടം ലക്ഷംവീട് നഗർ, ചുടുകാട്ടുപുറം നഗർ എന്നീ നാല് നഗറുകളെ തിരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ബാക്കിയുള്ളവയുടെ നിർമ്മാണഘട്ടം, ഏജൻസി എന്നിവ സംബന്ധിച്ച വിവരം വിശദമാക്കാമോ; | (ബി) | പൊറ്റേത്തറ നഗറിൽ 225 മീറ്റർ റോഡ് കോൺക്രീറ്റിംഗ് പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. KSHB ആണ് നിർവഹണ ഏജൻസി. ശേഷിക്കുന്നവ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഉളവെയ്പ്പ് അംബേദ്കർ നഗറിൽ റോഡിന്റെയും സംരക്ഷണഭിത്തി നിർമ്മാണത്തിന്റെയും മണ്ണിട്ടുയർത്തൽ പൂർത്തീകരിച്ചു. സ്ലൂയിസ് കവർ സ്ലാബ്, ബോക്സ് കൾവെർട്ട് എന്നിവ ശേഷിക്കുന്നു. DNK ആണ് നിർവഹണ ഏജൻസി. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഇളയപാടം ലക്ഷംവീട് നഗറിൽ പടന്നയിൽ കൾവർട്ട്, അംഗനവാടി നടപ്പാത, പടന്നയിൽ റോഡ്, കല്ലുകെട്ട്, സംരക്ഷണഭിത്തി എന്നിവ പൂർത്തീകരിച്ചു. പുതുവൽ നികർത്ത് റോഡ് 90 ശതമാനം പൂർത്തിയായി. ഇതിന്റെ സംരക്ഷണഭിത്തി നിർമ്മാണം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യും. സ്ലൂയിസ് കൾവെർട്ട് ഇനി പൂർത്തീകരിക്കാൻ ഉണ്ട്. DNK ആണ് നിർവഹണ ഏജൻസി. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ചുടുകാട്ടുപുറം നഗറിന്റെ നിലവിലെ നിർവഹണ ഏജൻസി എൽ എസ് ജി ഡി ആണ്. എം.എൽ.എ ശിപാർശ ചെയ്ത പ്രകാരം ഏജൻസിയെ മാറ്റുന്നതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു |

| | | | |
|---|---|---|---|
| (സി) | നിർമ്മാണം പൂർത്തീകരിക്കാത്ത എത്ര നഗറുകൾ ഉണ്ടെന്നും അവ പൂർത്തീകരിക്കാത്തതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ? | (സി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ